# അബ്ദുറഹ്മാനു മറുപടി

# الرد على عبدالرحمن

അബൂ മുഹമ്മദ് സാജിദ് ഇബ്ന ശരീഫ്

أبو محمد ساجد ابن شريف

بسم الله الرحمن الرحيم الحمد لله رب العالمين والصلاة والسلام على رسول الله وعلى آله وأصحابه أجمعين أما بعد:

സലഫീ ഉലമാക്കളിൽ പ്രമുഖരായ ശൈഖ് റബീഅ് ഇബ്ന ഹാദീ അൽ മദ്ഖലീ, അൽ ഇമാം മുഖ്ബിൽ ബിൻ ഹാദീ അൽ വാദിഈ എന്നിവർ കുവൈതിലെ ഇഹ്യാഉതുറാഥ് അൽ ഇസ്ലാമീ എന്ന സംഘടനയെ സംബന്ധിച്ചു പറഞ്ഞ വാക്കുകൾ ക്രോഡീകരിച്ചു കൊണ്ട് ഈ രണ്ടു ഉലമാക്കളുടെയും അടുത്ത് വർഷങ്ങളോളം പഠിച്ച ശൈഖ് അബൂ റവാഹ അബ്ദുല്ലാഹിബ്ന ഈസാ അൽ മൗരീ ഹഫിദഹുല്ലാഹ് രചിച്ച ഒരു ചെറിയ പുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്യാൻ അല്ലാഹു എന്നെ അനുഗ്രഹിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! ഏതാണ്ട് ഒരു വർഷം മുമ്പേ ഈ വിവർത്തനം പൂർത്തിയായതാണ്, എന്നാൽ അത് പുസ്തകരൂപത്തിലാക്കാൻ സാധിക്കാതെ കിടന്നു. അടുത്ത കാലത്തായി സലഫീ ദഅ്വത്തിൽ പ്രവേശിച്ച ചില സഹോദരങ്ങൾ അതു കാണുകയും അവരുടെ താല്പര്യവും അധ്വാനവും കാരണത്താൽ – അല്ലാഹുവിന്റെ ഔദാര്യം കൊണ്ട്– അതു വെളിച്ചം കാണുകയും ചെയ്തു. ഈ പുസ്തകം എന്തെങ്കിലും വൈരാഗ്യം തീർക്കാനോ ആരെയെങ്കിലും സ്വഭാവഹത്യ നടത്താനോ വേണ്ടിയല്ല, മൂല ഗ്രന്ഥകാരൻ രചിച്ചതും ഞാൻ വിവർത്തനം ചെയ്തതും. മറിച്ച്, സലഫീ മൻഹജ് എന്നത്, നമുക്ക് പറയാൻ മാത്രമുള്ളതല്ല, അത് പ്രായോഗികമായി നടപ്പാക്കാനുള്ളതാണ് എന്ന കാര്യം ഉണർത്തുകയാണ് ഈ പുസ്തകത്തിന്റെ പിന്നിലെ ലക്ഷ്യം.

സലഫീ മൻഹജിന്റെ അടിസ്ഥാന താല്പര്യങ്ങളിൽ പെട്ട, അൽ ജർഹു വത്തഅ്ദീൽ, ഹജ്റുൽ മുബ്തദിഅ്, അൽ വലാഉ വൽ ബറാഅ് തുടങ്ങിയ പല കാര്യങ്ങളുടെയും ഒരു പ്രായോഗിക പഠനമാണ് യഥാർത്ഥത്തിൽ ആ പുസ്തകത്തിൽ ഉൾക്കൊള്ളുന്നത്.

2002 ൽ സലഫീ മൻഹജിൽ നിന്ന് പിഴച്ചവർ എന്നാരോപിച്ച് (ന്യായമായും അവർ പിഴച്ചവർ തന്നെയായിരുന്നു!) ഒരു വിഭാഗത്തെ ആക്ഷേപിച്ച് അവരെപ്പോലെത്തന്നെ പിഴച്ച മറ്റു ചിലരെ കൂട്ടു പിടിച്ച് നടത്തിയ ഒരു ഏറ്റുമുട്ടൽ കണ്ടവരും അതിൽ പങ്കെടുത്തവരുമാണ് നമ്മിൽ പലരും. ഇനി മുതൽ മദ്രസകളിലടക്കം സലഫീ മൻഹജ് പഠിപ്പിക്കും, എന്ന് അന്ന് ജംഇയ്യത്തുൽ ''ഉലമാ'' തീരുമാനിക്കുകയും ചെയ്തു. എന്നാൽ പത്തുവർഷം കഴിഞ്ഞപ്പോൾ സലഫീ മൻഹജിലേക്കു ക്ഷണിക്കുന്നവരെന്നു അവകാശപ്പെട്ടവർ സലഫീ അഖീദയുടെ അലിഫ് ബാ താ അറിയാത്തവരായിരുന്നെന്നു തെളിഞ്ഞു!

ഇപ്പോൾ വീണ്ടും ഒരു വിഭാഗം ശുദ്ധമായ സലഫിയ്യത്തിലേക്ക് മടങ്ങാം എന്നു ആഗ്രഹിക്കുന്നു! പത്തു വർഷം മുമ്പത്തേതു പോലെ!

ഇങ്ങനെ സലഫിയ്യത്തിലേക്കു മടങ്ങാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നതിൽ നല്ലൊരു ശതമാനവും ആത്മാർത്ഥതയുള്ളവരാണ് എന്ന് നീതി ബോധമുള്ള ഏതൊരാളുമെന്ന പോലെ ഞാനും മനസ്സിലാക്കുന്നു. എന്നാൽ പത്തു വർഷം മുമ്പ് സംഭവിച്ചതു പോലെയുള്ള വ്യാജമായ ഒരു അവകാശവാദമാകരുത് ഇനി സംഭവിക്കുന്നത് എന്ന് നിഷ്കളങ്കരായ ഈ സഹോദരങ്ങളോടുള്ള ആത്മാർത്ഥമായ സ്നേഹത്തിന്റെ പേരിൽ ഞാൻ ആഗ്രഹിച്ചു പോയി. വീണ്ടും ഒരു ചതിയിൽ ഈ സഹോദരങ്ങൾ പെട്ടു പോകരുതെന്നും. ഇങ്ങനെയുള്ള ഒരു ഗുണകാംക്ഷയുടെ ഭാഗമായാണ് തുറാഥിനെ സംബന്ധിച്ചുള്ള പുസ്തകം വിവർത്തനം ചെയ്യുന്നത്. കാരണം, ഇഹ്യാഉ തുറാഥ് ഒരു ചൂണ്ടു പലകയാണ്, സലഫീ ഉലമാക്കൾ തെളിവു സഹിതം മൻഹജുപരമായ ഒരു കാര്യം നമുക്കു വ്യക്തമാക്കിത്തന്നാൽ നാം അതു തെളിവു നോക്കി സ്വീകരിക്കുമോ അതല്ല, കുറുക്കുവഴികളന്വേഷിക്കുമോ എന്നറിയാനുള്ള ഒരു ചൂണ്ടു പലക!

ഇഹ്യാഉതുറാഥിനോടുള്ള നിലപാടിനെ സംബന്ധിച്ച് വസ്തുനിഷ്ഠവും പ്രാമാണികവുമായ ഒരു ചർച്ച നടന്നാൽ കേരളത്തിൽ കേട്ടുകേൾവി പോലുമില്ലാത്ത മൻഹജുപരമായ പല വിഷയങ്ങളും പുറത്തുവരും. ഇത്രയുമാണ് ഞാനുദ്ദേശിച്ചത്. എന്നാൽ എല്ലായ്പോഴുമെന്ന പോലെ ഇത്തവണയും സത്യത്തെ ഊതിക്കെടുത്താൻ ശ്രമിക്കുന്നവർ ദുർബലമായ എതിർവാദങ്ങളുമായി രംഗത്തു വന്നു.

പി എൻ അബ്ദുറഹ്മാൻ എന്ന സഹോദരനാണ് ആദ്യം ഈ വിവർത്തന കൃതിക്കെതിരെ കലാപക്കൊടിയുയർത്തിയത്. ദീനീപരമായ മസ്അലകൾ ചർച്ച ചെയ്യുമ്പോൾ ഈ സുഹൃത്ത്

കാണിക്കാറുള്ള ക്ഷമയും അവധാനതയുമെല്ലാം കാറ്റിൽ പറത്തി വളരെ വൈകാരികവും തന്ത്രപരവുമായാണ് അദ്ദേഹം പ്രതികരിച്ചത്!

ഏറ്റവും വലിയ തമാശ, ഞങ്ങൾ തമ്മിൽ തുറാഥിനെ സംബന്ധിച്ച് പരസ്പരം എഴുതിയിരുന്നു, അല്പം ദിവസങ്ങൾ മുമ്പ്. അന്ന് ഇതേ വ്യക്തി തുറാഥിനെതിരെയുള്ള പണ്ഡിതാഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിനു തനിക്കു വിരോധമൊന്നുമില്ല എന്ന് എന്നോട് പറഞ്ഞതാണ്!

എന്നാൽ മലയാളത്തിൽ ഇതു പുറത്തിറങ്ങുകയും ആളുകൾ വായിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ ഏതോ പ്രേരണക്കു വശംവദനായിട്ടാണെന്നു തോന്നുന്നു, സുഹൃത്തു യാതൊരു തത്വദീക്ഷയുമില്ലാതെ വിഷയം കൈകാര്യം ചെയ്യുകയാണ് ചെയ്തത്.

ഏതായാലും, ഈ വൈകാരിക പ്രതികരണം, ആളുകൾക്ക് കാര്യം മനസ്സിലാക്കാൻ സഹായിക്കുകയേ ചെയ്യുകയുള്ളൂ- ഇൻശാ അല്ലാഹ്.

ജർഹു വത്തഅ്ദീലിനെ സംബന്ധിച്ച് ഒരു ചുരുങ്ങിയ വിശദീകരണം ശൈഖ് അബൂ റവാഹയുടെ പുസ്തകത്തിൽ വായിച്ചുവല്ലോ, അതിവിടെ ആവർത്തിക്കുന്നില്ല. എന്നാൽ, അബ്ദുറഹ്മാന് ഇതൊന്നും അറിയാത്തതാവുമെന്ന് ഞാൻ വിചാരിക്കുന്നില്ല. മറിച്ച് തുറാഥിനെ രക്ഷിച്ചെടുക്കാൻ സാധാരണക്കാരുടെ മനസ്സിൽ മൊത്തം സലഫീ ഉലമാക്കളെ സംബന്ധിച്ചു ''വിശ്വസിക്കാൻ കൊള്ളാത്തവർ'' എന്നു വരുത്തിത്തീർത്താലും, ജർഹു വത്തഅ്ദീലിന്റെ അടിസ്ഥാന തത്വങ്ങളെ തകർത്താലും തരക്കേടില്ലാ എന്ന മട്ടിലാണ് ''വൈകാരിക പ്രതികരണ''ത്തിന്റെ പോക്ക്!

ഉദാഹരണമായി സലഫീ ഉലമാക്കൾ പല വ്യക്തികളെയും വിമർശിച്ചതു പരാമർശിച്ച് ഇതൊന്നും ശരിയാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല എന്നാണ് സുഹൃത്തു പറയുന്നത്. ഇതു ഉലമാക്കളെ സംബന്ധിച്ച് സാധാരണക്കാരുടെ മനസ്സിൽ വിശ്വാസമാണോ സൃഷ്ടിക്കുക??

അതല്ല, മകൻ മരിച്ചിട്ടായാലും വേണ്ടില്ല, മരുമകളുടെ കണ്ണീരു കണ്ടാൽ മതി എന്ന അമ്മായിയമ്മയുടെ യുക്തിയാണോ പ്രയോഗിക്കുന്നത്?

സലഫീ പണ്ഡിതന്മാർ ഏതൊരു വ്യക്തിയെ അല്ലെങ്കിൽ സംഘടനയെ ഏതൊരു സാഹചര്യത്തിൽ ഏതു വാക്കുപയോഗിച്ചു വിമർശിച്ചാലും അതെല്ലാം തെളിവു നോക്കാതെ സ്വീകരിക്കണം എന്നു സലഫികൾക്കു വാദമില്ല. അങ്ങനെ ഉണ്ടെന്ന് വരുത്തിത്തീർക്കുകയാണ് പ്രതികരണത്തിൽ ചെയ്തിട്ടുള്ളത്. അങ്ങനെ ഒരു വാദം നമുക്കുണ്ടായിരുന്നെങ്കിൽ അബൂ റവാഹ ശേഖരിച്ച പത്തു മുപ്പതു പേജുള്ള പുസ്തകം വിവർത്തനം ചെയ്യണോ? കുവൈതിലെ സലഫീ സംഘം ഇഖ്‌വാനീ ലൈനിലേക്കാണ് പോകുന്നതെന്നു പറയുന്ന ശൈഖ് അൽബാനിയുടെ ഒരു വരി വിവർത്തനം ചെയ്താൽ പോരേ?

മറിച്ച് അബൂ റവാഹയുടെ പുസ്തകത്തിൽ തെളിവുകളും രേഖകളുമാണ് നിരത്തിയിട്ടുള്ളത്!!

തുറാഥീ നേതാവ് മുസ്‌ലിം ഉമ്മത്തിൽ പെട്ട പാപികളെ കാഫിറാക്കുന്ന പ്രസ്താവനകൾ!

അവരുടെ അത്യുന്നതരായ അതിഥികൾ ഉമ്മത്തിനെയും ഭരണാധികാരികളെയും കാഫിറാക്കുന്ന പ്രസ്താവനകൾ!

പരസ്പര സ്നേഹത്തോടെ ഹഖായ സലഫീ മൻഹജിൽ ഒരുമയോടെ പ്രവർത്തിക്കുന്ന സലഫീ സംഘങ്ങൾക്കിടയിൽ ദീനാർ കൊണ്ടു പോയി ചൊരിഞ്ഞ് അവരെ തമ്മിൽ തല്ലിക്കുന്ന ചരിത്രങ്ങൾ!!

ഇത്രയും അത്യാചാരങ്ങളുടെ അടിസ്ഥാനത്തിൽ അവർ ബിദഇകളാണ് അവരെ സലഫീകൾ സൂക്ഷിക്കണമെന്ന് അബ്ദുറഹ്മാനെക്കാളും എന്നെക്കാളും പ്രായവും അറിവും ക്ഷമയും അവധാനതയും ഭക്തിയും സൂക്ഷ്മതയുമെല്ലാമുള്ള (– ഇൻശാ അല്ലാഹ്!–) പണ്ഡിതന്മാർ പറഞ്ഞ താക്കീതുകൾ!!

ഇത്രയുമല്ലേ ആ പുസ്തകത്തിലുള്ളത്? പിന്നെ എന്തിനാണിത്ര കോപാവേശം?? ഇത് മതപരമായ സ്വാതന്ത്ര്യത്തിനെതിരെയുള്ള ഭീകരതയല്ലേ?

ഇനി ഇഹ്‌യാഉതുറാഥിനെ സംബന്ധിച്ചുള്ള നിലപാട് അഭിപ്രായ വ്യത്യാസമുള്ള ഒരു വിഷയമാണ് എന്നു സങ്കല്പിക്കുക. എന്നാലോ? അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ തങ്ങൾക്കു ശരിയെന്നു തോന്നുന്ന

അഭിപ്രായം ഏതൊരാൾക്കും പറഞ്ഞു കൂടേ? ഇഹ്യാഉതുറാഥിനെ നിങ്ങളെത്രയോ പുകഴ്ത്തി! കുവൈത്തിലും ഇമാറാത്തിലും യൂറോപ്പിലുമെല്ലാം സലഫികളെ ഭിന്നിപ്പിച്ചവർ നമ്മുടെ നാട്ടിൽ വരുമ്പോൾ നിങ്ങൾ അവരെ ലക്ഷക്കണക്കിനു സാധാരണക്കാരുടെ മുമ്പിൽ സമ്മേളനപ്പന്തലുകളിലിരുത്തി പുകഴ്ത്തി! ഇനി, അവരെ പറ്റി ശൈഖ് മുഖ്ബിലും ശൈഖ് റബിഉം പറഞ്ഞ ''തെളിവുകൾ'' സത്യമാണെന്നു വിചാരിക്കുന്ന സലഫീ സഹോദരങ്ങൾ അവരെ കുറച്ച് കുറ്റം പറയട്ടെ! നിങ്ങൾക്കെന്താണ് അതിലിത്ര അസ്വസ്ഥത?

ഇനി പ്രതികരണക്കാരന്റെ വാദങ്ങൾക്ക് അക്കമിട്ട് മറുപടി പറയാം.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞ ഒരു വാക്കു സഹോദരങ്ങളെ ഓർമ്മിപ്പിക്കുകയാണ്

ബിദ്അത്തുകാരുടെ ശുബുഹത്തുകൾ (തർക്കുത്തരങ്ങൾ) എന്നു വെച്ചാൽ വുദൂ മുറിയാത്ത കാര്യങ്ങൾ എന്നു പറഞ്ഞതു പോലെയാണ്! എത്ര വിശദീകരിച്ചാലും അതു തീരുകയില്ല.

നമ്മുടെ പല സഹോദരങ്ങളും സലഫികളാണെങ്കിൽ പോലും ബിദ്അത്തുകാരുടെ കൂടെ നടക്കുന്നതു കൊണ്ട് അവരുടെ അവസ്ഥ ഇതുപോലെയാണ്! കയ്യും കണക്കുമില്ലാത്ത തർക്കുത്തരങ്ങൾ! എല്ലാത്തിനും മറുപടി പറയാൻ സാധിക്കുകയില്ല. ഇബ്നുൽ വസീർ റഹിമഹുല്ലാഹ് പറഞ്ഞതു പോലെ, ബിദ്അത്തുകാർക്കു അഹ്ലുൽ ഹദീഥിനേക്കാൾ തർക്ക ശേഷിയായിരിക്കും. എന്നു തന്നെയല്ല, അവർ അല്ലാഹുവിന്റെ അമ്പിയാക്കളേക്കാളും കഴിവുള്ള താർക്കികന്മാരായിരിക്കും!!

മാത്രവുമല്ല, നമ്മൾ എണ്ണത്തിൽ കുറവും വിഭവങ്ങളിൽ ദരിദ്രരുമാണെങ്കിലും ആവുന്നതു പോലെ നമുക്ക് ഇൽമു പഠിക്കുകയും പ്രബോധനം നിർവഹിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാലും ഒരു ചെറിയ പരിഗണന അബ്ദുറഹ്മാനു നൽകാതിരിക്കാനും നിർവാഹമില്ല!

പ്രതികരണക്കാരന്റെ ഒരു വാദമാണ്, ഇൽമു പഠിച്ചു തുടങ്ങുന്നവർ ഇത്തരം കാര്യത്തിലൊന്നും ഇടപെടാൻ പാടില്ല എന്നത്!

ദഅ്വത്ത് പണ്ഡിതന്മാർക്കു മാത്രമേ പാടുള്ളൂ എന്ന് വിദണ്ഡവാദമാണ് യഥാർത്ഥത്തിൽ ഈ പുതിയ കുപ്പായത്തിൽ അവതരിപ്പിക്കുന്നത്! ഞാൻ തുറാഥിന്റെ വിഷയം എന്റെ ഒരു ശൈഖിനോടു ചോദിച്ചപ്പോൾ ''നീ ഇൽമു പഠിക്കൂ, ഈ വിഷയം ഒഴിവാക്കൂ'' എന്ന അർത്ഥത്തിലാണ് പ്രതികരിച്ചത് എന്ന് അബ്ദുറഹ്മാൻ എന്നോട് ''പ്രതികരണം'' രചിക്കുന്നതിന്റെ ഏതാനും ദിവസങ്ങൾക്കു മുമ്പ് പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ ഇത് ബാത്വിലിനെ സംരക്ഷിക്കാനുള്ള ഒരു ദുർന്യായം മാത്രമാണ്.

സലഫിയായ ഒരു വിദ്യാർത്ഥി സദാ തർക്കവിഷയങ്ങളിൽ വ്യാപൃതനാകാനോ ഞാൻ ഇതൊന്നും അറിയേണ്ടവനല്ല എന്ന് വിചാരിച്ച് പൂർണമായും ഉൾവലിയാനോ പാടില്ല. മറിച്ച് തന്നെയും തന്റെ സമൂഹത്തെയും ബാധിക്കുന്ന ഗൗരവമുള്ള വിഷയങ്ങൾ ഓരോ സലഫിയും കാര്യഗൗരവത്തോടെ തന്നെ പഠിക്കുകയും അന്വേഷിക്കുകയും ചെയ്യേണ്ടതാണ്. അറിഞ്ഞോ അറിയാതെയോ അബ്ദുറഹ്മാനും ചെയ്യുന്നത് അതു തന്നെയാണ്!

ഏതെങ്കിലും ഒരു ശൈഖ് ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു പ്രത്യേക വ്യക്തിയോട് മിണ്ടാതിരിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതു സാമാന്യവൽകരിച്ച് ഇഹ്യാഉത്തുറാഥിനെതിരെ ഉലമാക്കൾ നിരത്തിയ തെളിവുകൾ ആരും സ്വീകരിക്കാൻ പാടില്ല എന്നു വരുത്തിത്തീർക്കുന്നത് തനിച്ച അനീതിയാകുന്നു. തെറ്റു ചൂണ്ടിക്കാണിക്കുവാനും ഉലമാക്കൾ ബിദ്അത്തുകാരെന്നു വിധിച്ചിട്ടുള്ള (ഇഹ്യാഉതുറാഥ് പോലെയുള്ള!) കക്ഷികളെ സംബന്ധിച്ച് താക്കീതു നൽകുവാനും സാധാരണക്കാർക്കു പാടില്ല എന്നു പറയരുത്. അതു മുഅ്തസിലത്തിന്റെ വാദത്തോട് അടുത്തു നിൽക്കുന്നതാണ്!

സൂറത്തു ആലു ഇംറാന്റെ തുടക്കത്തിലെ ആയത്തുകളുടെ വിശദീകരണത്തിൽ ഖുർത്തുബീ റഹിമഹുല്ലാഹ് പറഞ്ഞു, ''നന്മ കല്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നത്, ഒരു 'അദ്ൽ ആയ വ്യക്തിക്ക് മാത്രമേ പാടുള്ളൂ എന്ന് അഹ്ലുസ്സുന്നത്ത് വിശ്വസിക്കുന്നില്ല; മുഅ്തസിലികളിൽ നിന്നു വ്യത്യസ്തമായി''

എന്ന മാത്രമല്ല, ഇബ്നൽ ജൗസിക്കുള്ള നസീഹത്തിൽ ഇസ്ഹാഖ് ബിൻ ഗാനിം അൽ 'അലഥീ റഹിമഹുല്ലാഹ് പറഞ്ഞു ''ശ്രേഷ്ഠത കുറഞ്ഞവൻ ശ്രേഷ്ഠനെ വിമർശിക്കും. തെമ്മാടിക്ക് വലിയ്യിനെയും വിമർശിക്കാം!''[1]

ഇഹ്യാഉതുറാഥിന്റെ ഒരു ആശ്രിതനായിരുന്ന മുഹമ്മദ് ഹാഷിം അൽഹദ്യ, അയാൾക്ക് മറുപടി പറയവേ ശൈഖ് മുഖ്ബിൽ റഹിമഹുല്ലാഹ് പറഞ്ഞു, ''യാതൊരു പേരും പ്രശസ്തിയുമില്ലാത്ത നിന്നെ ഞാനെങ്ങനെ പരസ്യപ്പെടുത്തും. ആരാരുമറിയാത്ത നിനക്ക് ഞാനെങ്ങനെ മറുപടി തരും. പക്ഷെ സുഡാനീ യുവാക്കൾ നിനക്ക് മതിയായത്ര തന്നിട്ടുണ്ട്. അവർ നിന്റെ അബദ്ധങ്ങൾ തുറന്നു കാട്ടി. അവർ അബ്ദുറഹ്മാൻ അബ്ദുൽ ഖാലിഖിന്റെ അബദ്ധങ്ങൾ തുറന്നു കാട്ടി.''

അതെ, എല്ലാ പിഴച്ച കക്ഷിക്കും വ്യക്തിക്കും മറുപടി ലജ്നത്തുദ്ദാഇമയും ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദും തന്നെ നൽകണം എന്ന വാശി പിടിക്കുന്നത് വെറുതെയാണ്. യതാർത്ഥത്തിൽ ഇത്തരം വില കുറഞ്ഞ ഒഴികഴിവുകളൊന്നും ഇഹ്യാഉതുറാഥിനെയും അവരുടെ സഹചാരികളെയും രക്ഷിക്കുകയില്ല എന്ന് മനസ്സിലാക്കുക. കാരണം , കേരളത്തിൽ സലഫിയ്യത്തവകാശപ്പെടുന്നവർക്കിടയിൽ ഏകദേശം ഇജ്മാആയ വിഷയമാണ് സത്യം ആരു പറഞ്ഞാലും അംഗീകരിക്കണം എന്നത്. അത് വലിപ്പച്ചെറുപ്പം നോക്കിയല്ല തിരുമാനിക്കേണ്ടത്, മറിച്ച് പ്രമാണങ്ങൾ നോക്കിയാണ് തീരുമാനിക്കേണ്ടത്.

തുറാഥിനോട് സഹകരിച്ചവരെല്ലാം പിഴച്ചവർ എന്നു പറഞ്ഞാൽ നിരവധി പണ്ഡിതന്മാരെ പിഴച്ചവരെന്നു പറയേണ്ടി വരും എന്നതാണ് പ്രതികരണത്തിലെ മറ്റൊരു വാദം!

ഇതു തീർത്തും നിരർത്ഥകവും തന്ത്രപരവുമായ ഒരു പ്രസ്താവനയാണ്. ഇവിടെ തുറാഥ് പിഴച്ചതാണോ അല്ലേ എന്നതാണ് ചർച്ച എന്ന കാര്യം സുഹൃത്ത് ബോധപൂർവം മറന്നിരിക്കുകയാണ്. തുറാഥിനെ ആദ്യം നമുക്ക് ഒരു തീരുമാനമാക്കണം. എന്നിട്ടല്ലേ അവരുമായി സഹകരിക്കുന്നവരുടെയും അവരെ ന്യായീകരിക്കുന്നവരുടെയും കാര്യം! തുറാഥിനെക്കുറിച്ചാണ് നമ്മൾ പുസ്തകമിറക്കിയത്. അവരെ ന്യായീകരിക്കുന്ന എന്ന ഒറ്റക്കാരണത്താൽ ആരെങ്കിലും പിഴച്ചു പോയി എന്നു പറഞ്ഞിട്ടുമില്ല.

അതു കൊണ്ട് ആദ്യം തുറാഥിന്റെ കാര്യം തീരട്ടെ. അതല്ല തുറാഥിനെ കുറിച്ച ചർച്ച ചെയ്യുന്നതു പൂർണമായ നഷ്ടമായിരിക്കും എന്ന് ഉറപ്പുള്ളതു കൊണ്ടാണോ ഇങ്ങനെയൊരു തന്ത്രം?

തുറാഥ് നേതാക്കളുടെതായി അബൂറവാഹ ഉദ്ധരിച്ച വാദങ്ങളെ സംബന്ധിച്ച് അവർ തിരുത്തു നടത്തിയിട്ടുണ്ടോ? അതല്ല, അത്തരം വാദങ്ങളുള്ള നേതാക്കളെ അവർ പുറത്താക്കിയോ? ബിദ്അത്തുകാരെ സ്വീകരിക്കുന്ന പരിപാടി അവർ നിർത്തിയോ? സലഫികളെ ഭിന്നിപ്പിച്ചു എന്ന് ശൈഖ് മുഖ്ബിലും മറ്റും പറഞ്ഞത് യാഥാർത്ഥ്യമോ? ഈ ചോദ്യങ്ങൾക്കാണ് ആദ്യം ഉത്തരം കിട്ടേണ്ടത്. എന്നിട്ട് നമുക്ക് ബാക്കി ചർച്ച ചെയ്യാം.

ഇനി പ്രതികരണത്തിലെ ശൈലി പ്രകാരം, തുറാഥ് പിഴച്ചവരാണ് എന്ന അടിസ്ഥാനത്തിൽ നമ്മൾ ചിന്തിച്ചാലും ഒരു കുഴപ്പവുമില്ല. പല കാരണത്താൽ:

ഒന്നാമതായി, തുറാഥുമായി സഹകരിക്കുന്ന പണ്ഡിതന്മാർ അവരെ ന്യായീകരിക്കുന്നില്ല. എന്നാൽ കേരളത്തിൽ അവരോട് സഹകരിക്കുന്നവർ അവരുടെ തെറ്റുകളെ ന്യായീകരിക്കുകയും അവരെ പറ്റി വ്യാജമായ അവകശവാദങ്ങൾ (അബ്ദുറഹ്മാൻ അബ്ദുൽ ഖാലിഖിനെ പുറത്താക്കിയിട്ടുണ്ട്, അവരുടെ കൂട്ടത്തിൽ തന്നെ രണ്ട് ഗ്രൂപ്പുകളുണ്ട്...... തുടങ്ങിയവ) പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്!

രണ്ടാമതായി, തുറാഥുമായി സഹകരിക്കുന്ന പണ്ഡിതന്മാരാരും തന്നെ അവരെ വിമർശിച്ച ശൈഖ് മുഖ്ബിലിന്റെയും ശൈഖ് റബീഇന്റെയും തെളിവുകൾക്ക് മറുപടി നൽകിയിട്ടില്ല. അതു കൊണ്ടു തന്നെ പ്രമാണങ്ങളുടെ പിൻബലം വിമർശകന്മാർക്കാണ്. അതല്ല, എന്തു തെളിവു കിട്ടിയാലും ഇന്നാലിന്ന ശൈഖിന്റെ വാക്കു മാത്രമേ ഞാൻ സ്വീകരിക്കൂ എന്നു പറയുന്നത് വ്യക്തമായ വ്യതിയാനമാകുന്നു.

[1] ذيل طبقات الحنابلة 206/4

തുറാഥുമായി സഹകരിച്ച പണ്ഡിതന്മാരെക്കുറിച്ച് ശൈഖ് റബീഉം ശൈഖ് മുഖ്ബിലും ബഹുമാനവും ആദരവും സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അവരുടെ തെളിവുകൾ സ്വീകരിക്കുന്ന സലഫികൾക്കും അതു സാധിക്കില്ലേ? എന്നാൽ തുറാഥിന്റെ വ്യതിയാനങ്ങൾ വ്യക്തമായിട്ടും അതു ഇന്നാലിന്ന ശൈഖ് പറഞ്ഞാലേ സ്വീകരിക്കൂ എന്നു പറയുന്നവന് ഈ ആദരവിന് അർഹതയുണ്ടാവില്ല.

ശൈഖ് ഫൗസാനോ ശൈഖ് അബ്ദുൽ മുഹ്സിനോ തുറാഥിനെ പറ്റി പറയണം എന്നാണ് അബ്ദുറഹ്മാന്റെ ആഗ്രഹം! എന്നാൽ ശൈഖ് ഫൗസാൻ വിമർശിക്കുകയും ശൈഖ് അബ്ദുൽ മുഹ്സിൻ മിണ്ടാതിരിക്കുകയും ചെയ്താൽ അബ്ദുറഹ്മാൻ എന്തു ചെയ്യും. അതേ കാര്യം സലഫികൾ ഇപ്പോൾ ചെയ്യുന്നു, അത്രമാത്രം!!

ഇനി അബ്ദുൽ മുഹ്സിൻ അബ്ബാദ് അവരെ വിമർശിച്ചാൽ ഇത്രയും കാലം അവർ തുറാഥിനോട് സഹകരിച്ചതിനെ അബ്ദുറഹ്മാൻ എങ്ങനെ വിശദീകരിക്കും? സലഫികൾ ഇപ്പോഴേ അങ്ങനെ വിശദീകരിക്കുന്നു. തീർന്നില്ലേ പ്രശ്നം!!

സംഘടന പാടുണ്ടോ ഇല്ലേ എന്നത് ഒരു അഭിപ്രായ വ്യത്യാസമുള്ള കർമശാസ്ത്രവിഷയമാണ്, അതിന്റെ പേരിൽ വലാഉം ബറാഉം പാടില്ല എന്നാണ് അബ്ദുറഹ്മാന്റെ മറ്റൊരു വാദം.

വായനക്കാരനെ ആശയക്കുഴപ്പത്തിലാക്കുന്നതാണ് ഈ കണ്ടെത്തൽ. സംഘടനകൾ എന്നതു കൊണ്ടു എന്താണ് ഉദ്ദേശിക്കുന്നത് എന്നതിനനുസരിച്ച് ഈ വാചകത്തിന്റെ സത്യത മാറും!! ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്താനുള്ള ഒരു കൂട്ടായ്മ അല്ലെങ്കിൽ ദഅ്വത്തിനു വേണ്ടിയുള്ള ഒരു സഹകരണം എന്ന അടിസ്ഥാനത്തിൽ അതിനെ ഒരു ഫിഖ്ഹിയ്യായ വിഷയമായി കണ്ട് അനുവദിച്ച ഉലമാക്കളുണ്ട്. എന്നാൽ, പിൽക്കാലത്ത് സംഘടനകൾ അവയുടെ തനിനിറം പുറത്തു കാണിച്ചപ്പോൾ ഇടുങ്ങിയ വലാഉം ബറാഉം, നേതൃത്വത്തിനുള്ള അനധികൃതമായ അനുസരണം, ഫോട്ടോഗ്രഫി മുതൽക്കുള്ള നിരവധി നിയമലംഘനങ്ങൾ എന്നിവ പരിഗണിച്ച് അവയെ ഒരു ബിദ്അത്തും ദ്വലാലത്തുമായിട്ടാണ് ശൈഖ് മുഖ്ബിൽ, ശൈഖ് റബീഅ് തുടങ്ങിയ ഉലമാക്കൾ കണ്ടിട്ടുള്ളത്.

ഹിസ്ബിയ്യത്തും ബൈയ്അത്തുമില്ലാത്ത , നമ്മുടെ നാട്ടിൽ സാങ്കല്പികം മാത്രമായ ഒരു ജംഇയ്യത്തിനെക്കുറിച്ചല്ലല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. നേതൃത്വത്തെ അനുസരിക്കുന്ന, അവരുടെ കല്പനകൾക്കനുസരിച്ച് ദീനീപ്രവർത്തനങ്ങൾ നടത്തുന്ന, കള്ളവും ചതിയും സംഘടനക്ക വേണ്ടിയാകുമ്പോൾ അനുവദനീയമായി കാണുന്ന ഹിസ്ബിയ്യത്തിനെക്കുറിച്ചാണ്! ഇവിടെ സംഘടന എന്നു പറയുമ്പോഴുള്ള ളാഹിറും മുതബാദിറുമായ അർത്ഥവും അതു തന്നെയാണ്! അത്തരമൊരു സംഘടന ഫിഖ്ഹിയ്യായ വിഷയവും ഇജ്തിഹാദിനു വിധേയവുമാണോ അതല്ല, ബിദ്അത്തും ദ്വലാലത്തുമാണോ എന്നു ചിന്തിക്കുക.

സംഘടന ബിദ്അത്താണെങ്കിൽ സ്കൂളും കോളേജും ഒക്കെ ബിദ്അത്തല്ലേ എന്നാണ് മറ്റൊരു ചോദ്യം. ഈ പ്രതികരണം രചിച്ചത് അബ്ദുറഹ്മാൻ തന്നെയാണോ എന്ന് സംശയിപ്പിക്കുന്നതാണ് ഈ ചോദ്യം! സ്കൂളും മദ്രസയുമൊക്കെ അൽമസാലിഹ് അൽ മുർസല എന്ന ഗണത്തിലാണ് പണ്ഡിതന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അബ്ദുറഹ്മാൻ അറിയാതിരിക്കുകയില്ല. സംഘടന ബിദ്അത്താണ് എന്ന് പറഞ്ഞ ഉലമാക്കൾ അത് അൽമസാലിഹ് അൽമുർസലയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല എന്നാണ് പറയുന്നത്. പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ള ഈ കാര്യം മൂടി വെക്കുന്നില്ല. മറിച്ച് കേരളാ ജംഇയ്യത്തുൽ ഉലമാ എന്ന സംഘടന അതിന്റെ തുടക്കത്തിൽ സലഫീ മൻഹജിലായിരുന്നു എന്ന് അബൂറവാഹയുടെ പുസ്തകത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. എന്നാൽ പണ്ഡിതന്മാർക്കിടയിൽ സംഘടന (സാങ്കല്പികമായ, ഹിസ്ബിയ്യത്തില്ലാത്ത! സംഘടന പോലും) ബിദ്അത്താണ് എന്ന ഒരു അഭിപ്രായമുണ്ട് എന്ന കാര്യം മൂടി വെച്ചതാരാണ്??

പിന്നെ, ഇവിടെ ബറാഅത്തിന്റെ സൂചനകളുമായി രംഗത്തുവന്നതാരാണ്? ഇഹ്യാഉതുറാഥിനെപ്പറ്റി ശാന്തമായ ഒരു ചർച്ചയാണ് നമ്മൾ നടത്തിയത്. ഒരു പുസ്തകം വിവർത്തനം ചെയ്തു. കഴിഞ്ഞു!! അതിലാണെങ്കിൽ കൂടുതലും ഉലമാക്കളുടെ വാക്കുകളും പച്ചയായ തെളിവുകളും മാത്രം. അതിനു സമാനമായ പ്രതിപക്ഷ ബഹുമാനത്തോടെ ഒരു മറുപടിയെഴുതാമായിരുന്നു, സലഫികളുടെ കൂട്ടത്തിൽ ആരെങ്കിലും തുറാഥിനെ പിന്തുണക്കുന്നുണ്ടെങ്കിൽ! എന്നാൽ നേരെ മറിച്ച് പരിഹാസവും, ഭീഷണിയും കലർത്തിയ ഒരു പ്രതികരണം പ്രസിദ്ധീകരിച്ച ആളല്ലേ യഥാർത്ഥത്തിൽ ബറാഅത്തിനു തുടക്കം കുറിച്ചത്? ബുദ്ധിയുള്ളവർ ചിന്തിക്കുക.

സംഘടനയുടെ വിഷയത്തിൽ ''വളരെ കൃത്യമായ '' എന്നു പ്രശംസിച്ചു കൊണ്ടു അബ്ദുറഹ്മാൻ കൊണ്ടു വരുന്ന വാദവും നിലനില്പില്ലാത്തതാണ്. അതായത്, സംഘടന നിർബന്ധമല്ല (!) തെറ്റുമല്ല! അത് അഭിപ്രായ വ്യത്യാസമുള്ള വിഷയമാണ്, അതു കൊണ്ട് സംഘടന നിഷിദ്ധം എന്നു വിചാരിക്കുന്ന (ഈ ലേഖകനെപ്പോലുള്ള) വർ പിഴച്ചവരാണെന്ന് സംഘടനക്കാരോ അവർ പിഴച്ചവരാണ് എന്ന് നമ്മളോ പറയേണ്ടതില്ല.

ഒന്നാമതായി പറയട്ടെ, സംഘടിതമായി ദഅ്വത്ത് നടത്തൽ അനുവദനീയമാണ് എന്ന് വിശ്വസിക്കുന്നതിന്റെ പേരിൽ മാത്രം ഒരാൾ പിഴച്ചവനാകും എന്ന ഒരു വാദം എനിക്കില്ല. എന്നാൽ, തിരിച്ച് സംഘടനയോടു കൂടിയ ദഅ്വത്ത് തിന്മയാണ് എന്ന് പറയുന്നത് ഒരു ''ദുഷിച്ച ബിദ്അത്താണ്'' അഥവാ ബിദ്അത്തുൻ മുൻകറ! ആണ് എന്ന് വാദമുള്ള ഒരു വ്യക്തി മദീന ഇസ്‌ലാഹീ സെന്ററിലുണ്ട്. ആ വാദം യൂടൂബിലും ഫേസ്ബുക്കിലും ഐക്യകണ്ഠേന അംഗീകരിച്ച് പ്രചരിപ്പിച്ച പര:ശതം മുജാഹിദുകളും നാട്ടിലുണ്ട്. അദ്ദേഹത്തിന്റെ ഈ വാദം തെറ്റോ ശരിയോ??

അദ്ദേഹം സലഫീ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുള്ള ഒരു വിഷയത്തിൽ തനിക്കിഷ്ടപ്പെടാത്ത അഭിപ്രായം പരാമർശിക്കുക പോലും ചെയ്യാതെ അതു മൂടി വെക്കുക മാത്രമല്ല, അവരെ ബിദ്അത്തു ചെയ്തവരായി താറടിക്കുക കൂടി ചെയ്തത് ഹദ്ദാദിയ്യത്തിലേക്കുള്ള പോക്കാണോ??

അബ്ദുറഹ്മാന്റെ അഭിപ്രായം അറിയിക്കുക.

''കൃത്യമായ നിലപാടി'' ലെ അനീതിയാണ് ഇവിടെ വ്യക്തമാകുന്നത്. സംഘടന തിന്മയാണ് എന്ന് സുബൈർ മൗലവി വാദിച്ചപ്പോൾ അതിനെ എതിർത്തു കൊണ്ട് സംഘടന ഫർദാണ് എന്നാണ് ഇവിടെ പലരും പ്രതികരിച്ചത്. സംഘം എന്ന പദം വന്ന ഹദീസുകളും അഥറുകളുമെല്ലാം അതിനു തെളിവായി ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്തു! സംഘടനാ പ്രവർത്തനം നിഷിദ്ധവും ബിദ്അത്തുമാണ് എന്നു പറഞ്ഞ പണ്ഡിതന്മാരുടെ അഭിപ്രായം അവർ മൂടി വെച്ചു. അപ്പോഴൊന്നും തോന്നാത്ത ഒരു പ്രതികരണചിന്ത അബ്ദുറഹ്മാന് ഇപ്പോൾ തോന്നാൻ കാരണമെന്താണ്??

പിന്നെ, സംഘടന ബിദ്അത്താണ് എന്നു വിശ്വസിക്കുന്ന ആളുകൾ അതിനെതിരായി ഒരു അഭിപ്രായം ചില പണ്ഡിതന്മാർക്കുണ്ട് എന്ന് വ്യക്തമാക്കൽ നിർബന്ധമാണോ? അങ്ങനെയാണെങ്കിൽ സംഘടനകൾ ബിദ്അത്താണ് എന്നു പറഞ്ഞ ശൈഖ് മുഖ്ബിലും ശൈഖ് റബീഉം പ്രസ്തുത പണ്ഡിതാഭിപ്രായങ്ങൾ മൂടി വെച്ചവരാണോ? !!

അഭിപ്രായ വ്യത്യാസമുള്ള എല്ലാ മസ്അലകളിലും ഇങ്ങനെയൊരു ''കൃത്യമായ'' (!!) നിലപാടെടുക്കാൻ അബ്ദുറഹ്മാൻ തയ്യാറാകുമോ എന്നു കൂടി അറിഞ്ഞാൽ കൊള്ളാം. അബ്ദുറഹ്മാന്റെ ഈ പ്രതികരണത്തെ സംബന്ധിച്ച് ഇപ്പോഴും അബ്ദുറഹ്മാനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സുഹൃത്ത് ഒരു മറുചോദ്യം ചോദിച്ചത് പങ്കു വെക്കട്ടെ. നാടകത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ടല്ലോ. വീഡിയോയെ സംബന്ധിച്ചും അഭിപ്രായവ്യത്യാസമുണ്ട്. ഇതു രണ്ടും കൂടി കൂട്ടിവെച്ച് ഏതൊങ്കിലും ഒരു മിസ്കീൻ ഇസ്‌ലാമികം എന്ന പ്രശസ്തിപത്രം നൽകി ഒരു സിനിമയോ സീരിയലോ ഇതു രണ്ടും പ്രക്ഷേപണം ചെയ്യുന്ന ഒരു ടെലിവിഷൻ ചാനലോ തുടങ്ങിയാൽ സംഘടനാവിഷയത്തിൽ കാണിച്ച ''കൃത്യത'' എന്റെ സുഹൃത്ത് എങ്ങനെ പ്രയോഗിക്കും? അതു ഹലാൽ എന്നു പറഞ്ഞവരുമുണ്ട്, ഹറാം എന്നു പറഞ്ഞവരുമുണ്ട്. അതു കൊണ്ട് ഹറാം എന്നു പറയുന്നവർ ഹലാൽ എന്നു പറഞ്ഞു ചാനൽ നടത്തുന്നവരെ വിമർശിക്കണ്ട എന്നു പരസ്യമായി പറയുകയും ചാനൽ നടത്തുന്നവരുമായി സഹകരിക്കുകയും ചെയ്യുമോ?? അറിയാൻ താല്പര്യമുണ്ട്.

പ്രതികരണക്കാരൻ, പറയുന്നത്, ചിലർ സംഘടനയിൽ പ്രവർത്തിക്കൽ നിർബന്ധമാണ് എന്നും ചിലർ അതു നിഷിദ്ധമാണ് എന്നും പറയുന്നുണ്ട്. എന്നാൽ, ഇതു രണ്ടും ഒരു പോലെ തെറ്റാണ് എന്നാണ്! (സംഘടനാ പ്രവർത്തനം നിർബന്ധമാണ് എന്നു ചിലർ പറയുന്നു എന്ന വാചകം അവസാനത്തെ പതിപ്പിൽ ഉപേക്ഷിച്ചിട്ടുണ്ട്. എന്നാലും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ''സംഘടന നിർബന്ധമല്ല'' എന്ന ഒരു വാചകം ചേർത്തിട്ടുണ്ട്!)

സുഹൃത്തിൽ നിന്നും നമ്മൾ പ്രതീക്ഷിച്ച ഒരു നിലവാരത്തിന്റെ എത്രയോ താഴെയുള്ള ഒരു പ്രസ്താവനയാണ് ഇതും എന്നു പറയാതിരിക്കാൻ നിർവാഹമില്ല. സംഘടനയിൽ പ്രവർത്തിക്കൽ നിർബന്ധമാണ് എന്ന് പറഞ്ഞവർ ആരാണ്? നിഷിദ്ധമെന്നു പറഞ്ഞവർ ആരാണ്? ഒന്നു വിശദീകരിക്കുക.

സംഘടനാപ്രവർത്തനം നിഷിദ്ധം എന്ന് പറഞ്ഞ സലഫീ പണ്ഡിതന്മാരുടെ കൂടെയാണോ അത് നിർബന്ധം എന്ന പറഞ്ഞ ജാഹിലുകളെ കൂട്ടിക്കെട്ടാൻ നോക്കുന്നത്? അതല്ല, പ്രബോധനം ബാധ്യതയും സാധ്യതയും എന്ന പേരിൽ പരലോകത്ത് ബാധ്യതയാകുന്ന ഒരു തൽബീസീ കിതാബ് രചിച്ച ഷമീർ മദീനിയാണോ സംഘടനാപ്രവർത്തനം നിർബന്ധമാക്കിയ സലഫീ ''പണ്ഡിതൻ'', വിശദീകരിക്കുക!! ഇവിടെ അബ്ദുറഹ്മാൻ സാങ്കല്പികമായി ഒരു വാദം കെട്ടിച്ചമച്ചുണ്ടാക്കിയിരിക്കുകയാണ്. നിർബന്ധമെന്ന പറയുന്ന ഒരു വിഭാഗവും നിഷിദ്ധമെന്ന പറയുന്ന മറ്റൊരു വിഭാഗവും! മൂന്നാമതായി അനുവദനീയം എന്ന പറയുന്ന ഒരു വിഭാഗത്തെ ''പക്വവും സന്തുലിതവും മധ്യമവും'' ആയി അവതരിപ്പിക്കാൻ വേണ്ടി!!

തുറാഥുകാർ അവരുടെ വാദങ്ങൾ സലഫി ഉലമാക്കൾക്കു കാണിച്ചു കൊടുക്കുകയും അവർ അതിനെ അംഗീകരിക്കുകയും ചെയ്തതാണ്. പിന്നെ അവർ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നു നമ്മൾ നോക്കേണ്ടതില്ല! എന്നാണ് അടുത്ത ന്യായം.

ഇത്രയും ദുർബലവും ആത്മഹത്യാപരവുമായ ഒരു വാചകം പ്രതികരണത്തിൽ വേറെയുണ്ടാകില്ല!

അവർ ഉലമാക്കളുടെ അടുത്തു പോയി, ''ഞങ്ങൾ ഒരു സംഘടനയുണ്ടാക്കുന്നുണ്ട്. തുടക്കത്തിലൊക്കെ ഞങ്ങൾ പൂർണമായും സലഫികളെ സാമ്പത്തികമായി സഹായിക്കുക മാത്രം ചെയ്യും. പിന്നീട് പതുക്കെ പതുക്കെ ഞങ്ങൾ ബിദ്അത്തുകാരെയും മറ്റും ഞങ്ങളുടെ പരിപാടികളിൽ സ്വീകരിക്കും. അവർക്ക് അവരുടെ പിഴച്ച വാദങ്ങൾ പറയാനുള്ള അവസരം കൊടുക്കും.'' എന്നു പറഞ്ഞു ഒരു തസ്കിയ ചോദിക്കുമെന്നു നിങ്ങൾക്ക് തോന്നുന്നുണ്ടോ?? ഇല്ല. മറിച്ച വളരെ ഉദാത്തമായ ലക്ഷ്യങ്ങളാണ് തങ്ങൾക്കുള്ളതെന്ന് അവർ വരുത്തിത്തീർത്തു. അതിന്റെ അടിസ്ഥാനത്തിൽ ഉലമാക്കൾ അവരെ പുകഴ്ത്തുകയും ചെയ്തു.

ഇഹ്യാഉ തുറാഥിന്റെ ഒരു മാർഗരേഖ മുമ്പെന്നോ ഞാൻ വായിച്ചിട്ടുണ്ട്, അബ്ദുറഹ്മാന്റെ കയ്യിലുണ്ടെങ്കിൽ അതു പുറത്തു വിടുക. അതിൽ പറയുന്ന ഒരു ലക്ഷ്യം തന്നെ, മുസ്ലിംകൾക്കിടയിൽ നിലനിൽക്കുന്ന ഹിസ്ബിയ്യത്ത് നിർമാർജനം ചെയ്യുക എന്നതാണ്!!

തുറാഥുകാർ അവരുടെ എഴുതപ്പെട്ട മൻഹജു പാലിക്കുന്നുണ്ടോ എന്നു നോക്കേണ്ടതില്ല എന്നതു ഒരു വലിയ അതിക്രമം തന്നെയായിപ്പോയി. അതിനു ഞാൻ ഒരു മറുപടി പറയുന്നില്ല!! ഈ വാക്കു തന്നെ സ്വയം മറുപടി നൽകുന്നതാണ് – അൽഹംദു ലില്ലാഹ്!!

**“.....ഈ പുസ്തകം ഇന്നും പരസ്യമായി അവർ വിതരണം ചെയ്യുകയും അതാണ് തങ്ങളുടെ മൻഹജ് എന്ന് പറയുകയും ചെയ്യുന്നവരാണ്. അവരത് പിൻവലിച്ചിട്ടില്ല. ആ വാക്ക് അവർ പാലിക്കുന്നില്ല എങ്കിൽ അതവരും അല്ലാഹുവുമായിട്ടുള്ള കാര്യമാണ്. നമ്മൾ അതിൽ തലയിടേണ്ടതില്ല. മനസ്സുകൾ അറിയുന്നത് അവൻ മാത്രമാണല്ലോ അത് അല്ലാഹുവിലേക്കു വിടാം”**

ഇതേ തിയറി തന്നെ ഇഖ്വാനുൽ മുസ്ലിമൂൻ, തബ്ലീഗ് ജമാഅത്ത് തുടങ്ങിയ വ്യതിയാന കക്ഷികൾക്കും സുഹൃത്തു അനുവദിച്ചു കൊടുക്കുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥ?!

പിന്നെ പ്രതികരണത്തിൽ മറ്റൊരിടത്ത്, തുറാഥുകാർ പ്രകടനങ്ങളെയും ചാവേറാക്രമണങ്ങളെയും എതിർക്കുന്നവരാണ്, അത് അവരുടെ മേൽ ആരോപിക്കരുത്, എന്നൊക്കെ പറഞ്ഞതു കണ്ടു. അവർ പ്രകടനങ്ങളെ എതിർക്കുന്നത് നേരാണ്. എന്നാൽ, അവർ പ്രകടനങ്ങളിൽ ഔദ്യോഗികമായി പങ്കെടുത്തതിനു തെളിവായി പത്രവാർത്തകൾ ഹാജരാക്കാൻ സാധിക്കും എന്നതാണ് ദു:ഖസത്യം.

അതു പോലെ തന്നെ പരസ്യമായി അവർ പറയുകയും പരസ്യമായിതന്നെ ലംഘിക്കുകയും ചെയ്ത മറ്റു വിഷയങ്ങളുമുണ്ട്! അതൊക്കെ കണ്ടില്ലെന്നു നടിക്കാമെങ്കിൽ, ജിന്നു–സിഹ്റ്–ശയ്താൻ–റുഖ്യ വിഷയങ്ങളിൽ കേരളാ ജംഇയ്യത്തുൽ ഉലമാ പുറത്തിറക്കിയ തൽബീസിന്റെ കിതാബ് അംഗീകരിച്ച് അതിനു

പിന്നിലെ ''രഹസ്യങ്ങൾ'' മനസ്സിലുള്ളതറിയുന്ന അല്ലാഹുവിനു വിട്ടു കൊടുത്തു മിണ്ടാതിരുന്ന കൂടേ!! എന്തൊരു ദയനീയമായ വൈരുധ്യം.

അബ്ദുറഹ്മാന്റെ ഒരു സുഹൃത്ത് ശൈഖ് അബ്ദുൽ മുഹ്സിൻ ഹഫിദഹുല്ലായോട് തുറാഥിനെപ്പറ്റി ചോദിച്ചപ്പോൾ ഇങ്ങനെയുള്ള ചോദ്യങ്ങളിൽ എനിക്കു താല്പര്യമില്ല എന്ന് ശൈഖ് അറിയിച്ചു എന്നാണ് പ്രതികരണത്തിൽ പറയുന്ന മറ്റൊരു കാര്യം.

യഥാർത്ഥത്തിൽ ഇതും ഒരു വൈജ്ഞാനിക ചർച്ചയുടെ നിലവാരത്തിൽ നിന്നും താഴെ നിൽക്കുന്ന ഒന്നാണ്. കഷ്ടിച്ച് ഒരു ആഴ്ച മുമ്പ് ഞാനും അബ്ദുറഹ്മാനും തമ്മിൽ തുറാഥിനെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ, ഇതേ സംഭവം അദ്ദേഹം പങ്കു വെച്ചിരുന്നു. അന്നു പക്ഷേ, ശൈഖ് ''ചോദ്യത്തോട് അനിഷ്ടം കാണിച്ചു'' എന്നല്ല, മറിച്ച് ''ശൈഖ് മിണ്ടിയില്ല'' എന്നാണ് സുഹൃത്തു പറഞ്ഞത്. അന്നത്തെ മൗനം ഒരാഴ്ച കഴിഞ്ഞപ്പോഴേക്ക് എങ്ങനെയാണ് അനിഷ്ടമായത്??

ഇനി മൗനം പാലിച്ചാൽ തന്നെ ഒരു ആലിമിന്റെ മൗനം ഇസ്ലാമിൽ പ്രമാണമാണോ സുഹൃത്തേ? ഒരു സംഘം പണ്ഡിതന്മാരുടെ കൂട്ടമൗനം (അൽഇജ്മാഉസ്സുകൂത്തീ) പോലും നിരുപാധികം തെളിവാകുകയില്ല എന്ന് ഉസ്വൂലുൽ ഫിഖ്ഹ് പഠിക്കുന്ന അബ്ദുറഹ്മാന് അറിയാതിരിക്കുകയില്ലല്ലോ!

എനി ഇഹ്യാഉത്തുറാഥുമായി സഹകരിക്കുന്ന പണ്ഡിതന്മാർക്ക് അവരുടെ തനിനിറം അറിയാത്തതു കൊണ്ടാണ് എന്ന് പറയുന്ന സലഫികളുടെ വാദത്തിനും ഒരു കുറ്റം കണ്ടു പിടിച്ചിട്ടുണ്ട്. അങ്ങനെ പറഞ്ഞാൽ അത് ഇഹ്യാഉതുറാഥിനെ എതിർക്കുന്ന പണ്ഡിതന്മാർ അനുകൂലിക്കുന്നവരോട് ചെയ്ത ഒരു വീഴ്ചയാവില്ലേ എന്ന്! അഥവാ അവർ ഇവരോട് തുറാഥിന്റെ കുറ്റങ്ങൾ അറിയിക്കണ്ടേ എന്ന്!

ഇതു നേരത്തെ പറഞ്ഞതു പോലെ മരുമകളുടെ കണ്ണീരുകാണാനുള്ള ഒരു പുത്രഹത്യാശ്രമം എന്നേ പറയാൻ നിർവാഹമുള്ളൂ! തുറാഥിനെതിരെ താക്കീതു നൽകുന്ന സലഫീ പണ്ഡിതന്മാരുണ്ട് എന്ന് എന്നോട് സമ്മതിച്ചിട്ടുള്ള നിലക്കു അബ്ദുറഹ്മാൻ ആ പണ്ഡിതന്മാരുടെ വാദത്തോട് യോജിച്ചില്ലെങ്കിൽ പോലും അവർക്ക് ഒരു ഉദ്റ് കണ്ടെത്താൻ ബാധ്യസ്ഥനാണ്! മറിച്ച് അവരെയും മറ്റു പണ്ഡിതന്മാരെയും തമ്മിൽ വേർതിരിക്കുന്നത് പണ്ഡിതന്മാരോടുള്ള അപമര്യാദയാണ്. ആവേശം കയറി ഹദ്ദാദിയ്യത്തെന്ന് മറ്റുള്ളവരെ പറ്റി ആരോപിക്കുമ്പോൾ ഇത്തരം മര്യാദകേടുകൾ തന്റെ ഭാഗത്തു സംഭവിക്കുന്നത് കാണാതിരിക്കരുത്.

ഇനി വളഞ്ഞു മൂക്കു പിടിച്ചു കൊണ്ട്, തുറാഥിനോടു സഹകരിക്കുന്ന ഉലമാക്കൾക്കുള്ള അതേ ഉദ്റ് കേരളത്തിൽ നിന്ന് അവരോട് സഹകരിക്കുന്നവർക്കും നൽകണം എന്നാണ് പറഞ്ഞു വരുന്നതെങ്കിൽ അതിനു നിർവാഹമില്ല എന്നതാണ് വസ്തുത. കാരണം, ഒരു വലിയ ഫാരിഖ് നിൽനിൽക്കുമ്പോൾ ഖിയാസ് ശരിയാവുകയില്ല. ലളിതമായി പറഞ്ഞാൽ, തെങ്ങിൽ കയറാനുപയോഗിക്കുന്ന തളപ്പിട്ട് കവുങ്ങിൽ കയറാൻ സാധിക്കുകയില്ല.

തുറാഥിന്റെ ഒരു പരിപാടിയിൽ അവരുടെ അവസ്ഥ മനസ്സിലാക്കാതെ പങ്കെടുത്ത ഒരു സലഫീ ആലിമിനു കൊടുത്ത ആനുകൂല്യം അവരുടെ ഖുതുബാ പരിശീലന ക്ലാസുകളിൽ, ശൈഖ് ഫൗസാനടക്കമുള്ള നിരവധി സലഫീ പണ്ഡിതന്മാർ ''തെളിവു സഹിതം'' വിമർശിച്ചിട്ടുള്ള അലീ ഹസൻ ഹലബീ പോലുള്ള ബിദ്അത്തുകാരുടെ അടുത്തു നിന്ന് ദീൻ പഠിക്കുന്ന ഒരു മലയാളി ദാഇക്കു കൊടുക്കാൻ സാധിക്കുകയില്ല.

തുറാഥിനെ ചില പണ്ഡിതന്മാർ പുകഴ്ത്തിയിട്ടുണ്ടല്ലോ എന്ന് ശൈഖ് മുഖ്ബിലിനോട് ചോദിച്ചപ്പോൾ, ഞാൻ അവരുടെ വിശ്വാസപരമായ വ്യതിയാനം കണ്ട് അവരെ എതിർക്കുന്നു. നിങ്ങൾ എന്റെ വാക്കു സ്വീകരിക്കുകയോ അല്ലെങ്കിൽ സൗദിയിലെ ഫത്‌വാ ബോർഡ് തീരുമാനം വരുന്നതു വരെ അവരുടെ കൂടെ പ്രവർത്തിക്കുകയോ, ചെയ്തു കൊള്ളൂ. എന്നല്ലല്ലോ പറഞ്ഞത്! അവർ ഉലമാക്കളുടെ അടുത്ത് വേഷം മാറിച്ചെന്ന് തസ്കിയ നേടിയതാണ് അതു പരിഗണിക്കേണ്ടതില്ല എന്നല്ലേ അദ്ദേഹം പറഞ്ഞത്.

തെറ്റുപറ്റുന്നവരെല്ലാം പിഴച്ചവരാണെന്നും അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളിൽ തങ്ങളുടെതല്ലാത്ത വീക്ഷണം സ്വീകരിക്കുന്നവർ തന്നിഷ്ടക്കാരാണെന്നുമുള്ള ഹദ്ദാദീ മൻഹജ് കേരളത്തിൽ ചെലവാക്കേണ്ടതില്ല എന്ന ഒരു ഭീഷണിയും പ്രതികരണത്തിൽ കാണാം.

ഈ വാചകത്തിൽ പറഞ്ഞ വാദം കേരളത്തിൽ ആർക്കാണുള്ളത് എന്ന് അറിയാൻ താല്പര്യമുണ്ട്. എനിക്കോ ഈ അടുത്ത കാലത്ത് എം എസ് എം വിട്ടു ഖുർആൻ ഹിഫ്ദാക്കാനും സലഫീ അഖീദയും അറബീ ഭാഷയും പഠിക്കാനും തുടങ്ങിയ നമ്മുടെ ഏതെങ്കിലും സലഫീ സഹോദരനോ ഈ വാദമില്ല.

ഞങ്ങൾക്കില്ലാത്ത ഈ വാദം ഞങ്ങളുടെ മേൽ ആരോപിച്ച അബ്ദുറഹ്മാൻ ഇതിനു മാപ്പു പറയുന്നതു വരെ ഇതു പൊരുത്തപ്പെടുന്നതല്ല, എന്ന കാര്യം അബ്ദുറഹ്മാനെ അറിയിക്കുകയാണ്! ഞങ്ങൾ തുറാഥിനെ കുറ്റം പറയുക വഴി പരലോകം നഷ്ടപ്പെടുത്തുകയാണോ എന്ന് ''ഭയം'' രേഖപ്പെടുത്തുന്ന പ്രതികരണക്കാരൻ സ്വന്തം പരലോകം പാഴാക്കാതെ ഈ ദുരാരോപണത്തിൽ നിന്ന് തൗബ ചെയ്തു മടങ്ങുക!

പ്രതികരണം തുടരുന്നു: ഇനി ഇപ്പോൾ അവസാനമായി ഇഹ്യാഉ തുറാഥിനെ പിഴച്ചവരാണെന്നും അവരുമായി സഹകരിക്കുന്നവരും പിഴച്ചവരാണെന്നതുമാണ് കാര്യമായി തങ്ങളുടെ പ്രബോധന വിഷയമായി ഏറ്റു പിടിക്കുന്നത്.........ഇങ്ങനെ അവരുമായി സഹകരിക്കുന്ന പണ്ഡിതന്മാരും അവരെ അനുകൂലിക്കാത്ത പണ്ഡിതന്മാരും സലഫീ പണ്ഡിതന്മാർക്കിടയിൽ ഉണ്ട്.

അബ്ദുറഹ്മാന്റെ മറ്റൊരു വ്യാജവാദമാണിത്. ഒരു പുസ്തകം തുറാഥിനെക്കുറിച്ച് ഇറക്കി എന്നതു കൊണ്ട് മാത്രം കാര്യമായ പ്രബോധനവിഷയം അതായി മാറുമോ? തിരിച്ച് ജിന്നിനെ വിളിച്ച് സഹായം തേടുന്ന വിഷയത്തിൽ ഒരു തഫ്സീൽ ഉണ്ട് എന്നത് കാര്യമായ പ്രബോധന വിഷയമായി നടക്കുന്ന ഒരാളാണ് അബ്ദുറഹ്മാൻ എന്നു പറഞ്ഞാലോ?

«لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ»

(തനിക്കു വേണ്ടി ആഗ്രഹിക്കുന്ന നന്മ തന്റെ സഹോദരനു വേണ്ടിയും ആഗ്രഹിക്കുന്നതു വരെ നിങ്ങളിലൊരാളും വിശ്വാസിയാവുകയില്ല )എന്ന ഹദീഥ് അബ്ദുറഹ്മാൻ മറക്കാതിരിക്കുക.

وَيَأْتِي إِلَى النَّاسِ مَا يُحِبُّ أَنْ يُؤْتَى إِلَيْهِ

(തന്നോട് മറ്റുള്ളവർ പെരുമാറാനാഗ്രഹിക്കുന്നതു പോലെ അവരോട് അങ്ങോട്ട് പെരുമാറുക) എന്ന ഹദീഥും ഓർക്കുക.

ഈ വരിയിൽ സുഹൃത്ത് ഒരു തൽബീസ് –തെറ്റിദ്ധരിപ്പിക്കൽ– നടത്തിയിട്ടുണ്ട് എന്നതും ഒരു ദു:ഖസത്യമാകുന്നു. അഥവാ അവരുമായി സഹകരിക്കുന്ന പണ്ഡിതന്മാരും അവരെ അനുകൂലിക്കാത്ത പണ്ഡിതന്മാരും ഉണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ ബാഹ്യമായ അർത്ഥം വളരെ സത്യമാണ്. എന്നാൽ അംഗീകരിക്കുന്ന പണ്ഡിതന്മാരും കേവലം അനുകൂലിക്കാത്തവരുമല്ലാത്ത , അവരെ നിശിതമായി വിമർശിക്കുകയും അവർ സലഫീ ദഅ്വത്തിനെ തകർക്കുന്നവരും ഇഖ്വാനീ മൻഹജിൽ പോകുന്നവരുമാണ് എന്ന് പറഞ്ഞ ഒരു വിഭാഗം പണ്ഡിതന്മാരുണ്ട് എന്നതാണ് സത്യം. അവരെ പറ്റിയാണ് ''അനുകൂലിക്കാത്തവർ'' എന്ന് കനം കുറച്ച് പറഞ്ഞിരിക്കുന്നത്!

ഇനി, അനുകൂലിക്കുന്നവരും വിമർശിക്കുന്നവരുമുണ്ടെങ്കിൽ , വിമർശകരുടെ വാദമാണ് ''തെളിവുകളോട്'' നീതി പുലർത്തുന്നത് എന്നു വിശ്വസിക്കുന്ന സലഫീ സഹോദരങ്ങൾ അപ്രകാരം പറയുന്ന പണ്ഡിതന്മാരുടെ ഫത്വകൾ പ്രചരിപ്പിക്കട്ടെ! അവർ പറയുന്നത്, ഇന്നയിന്ന തെളിവുകൾ കൊണ്ട് ന്യായമല്ല (ഇന്നയിന്ന ആലിമിന്റെ വാക്കിനു യോജിക്കില്ല എന്നല്ല!) എന്ന് യഖീനായി വിശ്വസിക്കുന്ന സലഫികളുണ്ടെങ്കിൽ അവർ അവരുടെ വാദവും പ്രചരിപ്പിക്കട്ടെ! ഞാൻ സലഫീ ഉലമാക്കൾ തുറാഥിനെ പറ്റി നൽകിയ താക്കീത് പ്രചരിപ്പിക്കുന്നതിനെ പറ്റി പറഞ്ഞപ്പോൾ ഒരാഴ്ച മുമ്പ് ''നീ ചെയ്തു കൊള്ളുക, അതിനെ ആരാണ് തടയുന്നത്?'' എന്നു പറഞ്ഞ് സമ്മതം മൂളിയ അബ്ദുറഹ്മാൻ, തുറാഥിനുള്ള പണ്ഡിതന്മാരുടെ തസ്കിയ ഈ ഒരാഴ്ച്ചക്കിടയിലാണോ ആദ്യമായി കാണുന്നത്??

അവരെക്കുറിച്ചുള്ള പണ്ഡിതന്മാരുടെ താക്കിത് മാത്രം പ്രചരിപ്പിച്ചാൽ പോരാ അവരെ പുകഴ്ത്തുന്ന ചില വാക്കുകൾ കൂടിയുണ്ട് അതു കൂടി നീ പ്രചരിപ്പിക്കണം എന്ന് പറയാൻ എന്തായിരുന്നു അന്ന് തടസ്സം? അതല്ല, മറ്റു വല്ല ''നിക്ഷിപ്ത താല്പര്യ''ങ്ങളുമാണോ ഇപ്പോൾ അബ്ദുറഹ്മാനെ രോഷാകുലനാക്കിയത്?!

അനാവശ്യമായ ഇത്തരം തർക്കങ്ങളിൽ തലയിട്ട് പരലോകം നഷ്ടപ്പെടുത്തണ്ട. നമ്മൾ ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുക. എന്ന ഒരു ഉപദേശത്തോടെയാണ് പ്രതികരണം സമാപിക്കുന്നത്.

തന്റെ സലഫികളായ സഹോദരങ്ങൾ ഹദ്ദാദിയ്യത്തിലേക്കാണ് പോകുന്നതെന്നും മറ്റും ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ച ശേഷമാണ്, ഈ സദുപദേശം എന്നത് അതിന്റെ വിലയിടിക്കുന്നുണ്ടെങ്കിലും ഈ ഉപദേശത്തിലെ നല്ല വശം സ്വീകരിക്കാൻ നാം സന്നദ്ധരാകേണ്ടതുണ്ട്.

പക്ഷെ തുറാഥടക്കമുള്ള വ്യതിയാനകക്ഷികളെപ്പറ്റി ''താൻ ലജ്നയുടെയും ശൈഖ് അബ്ദുൽ മുഹ്സിന്റെയും ഒക്കെ വിധി കാത്തു നിൽക്കുകയാണ്'' എന്ന ഒരു അനിശ്ചിതത്വത്തിലുള്ള ഒരാൾ അവരെ ന്യായീകരിക്കുന്ന വിധത്തിൽ ഒരു രചന നിർവഹിക്കുന്നതും പരലോകത്ത് അപകടമായിരിക്കും എന്ന് ഞാൻ പ്രതികരണക്കാരനെ ഓർമ്മപ്പെടുത്തുകയാണ്.

ആത്മവഞ്ചകരും പരദ്രോഹികളുമായിട്ടുള്ള അക്രമികൾക്ക് വേണ്ടി വാദിക്കുന്നത് ഖുർആൻ വിലക്കിയിട്ടുള്ള മ്ലേച്ഛ ഗുണമാകുന്നു.

ഇമാം തിർമിദി അദ്ദേഹത്തിന്റെ സുനനിൽ ഉദ്ധരിക്കുകയും അല്ലാമാ അൽബാനി റഹിമഹുല്ലാഹ് ഹസൻ എന്നു വിധിക്കുകയും ചെയ്തിട്ടുള്ള ഒരു സംഭവം നിങ്ങളുടെ അറിവിലേക്കായി ചുരുക്കിയെഴുതാം. നബി صلى الله عليه وسلمയുടെ കാലത്തുണ്ടായിരുന്ന ഒരു കുടുംബമാണ് ബനൂ ഉബൈരീഖ്. അവരിൽ പെട്ട മൂന്ന് സഹോദരങ്ങളാണ്, ബിശ്റും ബുശൈറും മുബശ്ശിറും. അവരിൽ പെട്ട ബുശൈർ സഹാബത്തിനെ തെറി പറഞ്ഞു കവിതയെഴുതുന്ന ഒരു മുനാഫിഖായിരുന്നു. അവർ ഒരു ദരിദ്രകുടുംബവുമായിരുന്നു. അങ്ങനെയിരിക്കെ, ഒരിക്കൽ ഹദീഥിന്റെ നിവേദകനായ സ്വഹാബിയായ ഖതാദയുടെ പിതൃവ്യന്റെ വീട്ടിൽ നിന്ന് ഭക്ഷണവും ആയുധവും ഈ സഹോദരന്മാർ മോഷ്ടിച്ചു. ഖതാദയാകട്ടെ ഇവരെ പറ്റി പ്രവാചകരോടു പരാതിയും പറഞ്ഞു. ഇവർ നബി صلى الله عليه وسلم യുടെ അടുത്ത് വന്ന് ഖതാദ മാന്യന്മാരായ തങ്ങളെപ്പറ്റി തെളിവില്ലാതെ ആരോപണം പറയുന്നു എന്നും പരാതി പറഞ്ഞു. ഇതു കേട്ട പ്രവാചകർ ഖതാദയോട്, നീ മാന്യന്മാരും ഇസ്‌ലാമിൽ മുൻകടന്നവരുമായ കുടുംബത്തെ സംബന്ധിച്ച് ആക്ഷേപം പറയുകയാണോ എന്ന് ചോദിച്ചു. ദു:ഖത്തോടെ മടങ്ങിയ ഖതാദയോട് പിതൃവ്യൻ പറഞ്ഞു :അല്ലാഹുൽ മുസ്തആൻ, നമുക്ക് സഹായിയായി അല്ലാഹു മതി. അങ്ങനെയിരിക്കെ ഇറങ്ങിയ ആയത്താണ് ഇത്:

إِنَّآ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ بِٱلْحَقِّ لِتَحْكُمَ بَيْنَ ٱلنَّاسِ بِمَآ أَرَىٰكَ ٱللَّهُ ۚ وَلَا تَكُن لِّلْخَآئِنِينَ خَصِيمًا ﴿١٠٥﴾ [2]

(സത്യവുമായി നിന്നിലേക്ക് നാം വേദഗ്രന്ഥം ഇറക്കിയിരിക്കുന്നു; ജനങ്ങൾക്കിടയിൽ അല്ലാഹു കാണിക്കുന്നതനുസരിച്ച് നീ വിധിക്കാൻ വേണ്ടി. അതിനാൽ നീ വഞ്ചകർക്ക് വേണ്ടി വാദിക്കുന്നവനാകരുത്.)

കേവലം ഒരു മോഷണക്കേസിലെ പ്രതിക്കുവേണ്ടി വാദിക്കുന്നത് ഇത്ര ഗൗരവത്തിലാണ് അല്ലാഹു തആലാ വിലക്കുന്നതെങ്കിൽ സലഫീ ദഅ്വത്തിനെ ലോകാടിസ്ഥാനത്തിൽ ഭിന്നിപ്പിച്ചിട്ടുള്ള വ്യതിയാനക്കാർ എന്ന് ഉലമാക്കൾ ''തെളിവു സഹിതം'' വിധിച്ചിട്ടുള്ള ഒരു വിഭാഗത്തെ ന്യായീകരിക്കുന്നതും വെള്ള പൂശുന്നതും എന്തു വലിയ കുറ്റമാണ്?

ഇനി, ഞാൻ ശൈഖ് അബ്ദുൽ മുഹ്സിൻ അൽ അബ്ബാദിന്റെ വിധി കാത്തിരിക്കുകയാണ്. അതു വരെ തുറാഥിന് ശൈഖ് ഇബ്നു ബാസും ശൈഖ് ഫൗസാനും നൽകിയിട്ടുള്ള തസ്കിയ ഞാൻ പ്രചരിപ്പിക്കും എന്നാണ് കരുതുന്നതെങ്കിൽ അതും ന്യായമല്ല എന്നാണ് ഖുർആനും സുന്നത്തും മനസ്സിലാക്കിത്തരുന്ന പരമാർത്ഥം.

ഖുർത്തുബീ റഹിമഹുല്ലാഹ് തന്റെ തഫ്സീറിൽ, പറഞ്ഞു : "സംശയിക്കപ്പെടുകയും കുറ്റാരോപണത്തിനു വിധേയരാവുകയും ചെയ്തിട്ടുള്ള ആളുകൾക്കു വേണ്ടി വാദിക്കുന്നതിനെ തൊട്ട് അല്ലാഹു തന്റെ റസൂലിനെ വിലക്കി. തെറ്റുപറയുന്നവനും ആരോപിതനും വേണ്ടി വാദിക്കുന്നതു അനുവദിക്കപ്പെട്ടതല്ല എന്നതിന് ഈ ആയത്തിൽ തെളിവുണ്ട്. താൻ ആർക്കു വേണ്ടിയാണോ വാദിക്കുന്നത്, അയാൾ സത്യത്തിലാണ് എന്ന് അറിയാതെ ഒരാളും മറ്റൊരാൾക്കു വേണ്ടി വാദിക്കാൻ പാടില്ല."

---

[2] 105 سورة النساء

തുറാഥ് വിഷയത്തിന്റെ പ്രസക്തി എന്താണെന്ന് സംശയിക്കുന്നവരോട് ഒരിക്കൽ കൂടി പറയട്ടെ, തുറാഥിനും ഇഖ്‌വാനുൽ മുസ്‌ലിമൂനും തബ്‌ലീഗ് ജമാഅത്തിനുമൊക്കെ എതിരായി സലഫീ പണ്ഡിതന്മാർ രചിച്ച വിമർശനങ്ങൾ വായിച്ചാൽ സലഫീ മൻഹജിന്റെ ''ദഅ്‌വത്തുമായി'' ബന്ധപ്പെട്ട വശങ്ങൾ വെളിച്ചം കാണും! അതു കൊണ്ട് ശൈഖ് റബീഅ്, ശൈഖ് മുഹമ്മദ് അമാൻ അൽ ജാമീ, ശൈഖ് അഹ്‌മദ് ബിൻ യഹ്‌യാ അന്നജ്‌മീ, ശൈഖ് മുഖ്ബിൽ തുടങ്ങിയവരുടെ ഖണ്ഡനങ്ങൾ മലയാളത്തിൽ എത്താതിരിക്കാൻ ഇവിടുത്തെ ഹിസ്ബികൾ ബദ്ധശ്രദ്ധരാണ്! ഈ പുകമറ മാറ്റി അവരുടെ അല്പസ്വല്പം വിമർശന ഗ്രന്ഥങ്ങൾ സലഫികളെ പരിചയപ്പെടുത്തുന്നത്, സലഫീ മൻഹജ് തൊട്ടു തീണ്ടിയിട്ടില്ലാത്ത ഒരാൾ സലഫിയ്യത്തിനെ പറ്റി നടത്തുന്ന പ്രഭാഷണം വിതരണം ചെയ്യുന്നതിനേക്കാൾ ഫലപ്രദമായിരിക്കും എന്ന് ഈ ലേഖകൻ വിശ്വസിക്കുന്നു.

കൂടുതൽ വിശദീകരിക്കുന്നില്ല. വ്യക്തിപരമായ അധിക്ഷേപങ്ങൾക്കും ഭീഷണിക്കും അതേ സ്വരത്തിൽ മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. സത്യം മനസ്സിലാക്കാനുദ്ദേശിക്കുന്നവർക്ക് അബൂ റവാഹയുടെ പുസ്തകം തന്നെ എമ്പാടും മതിയാകും എന്നു വിചാരിക്കുന്നു. അല്ലാഹു സുബ്ഹാനഹു വതആലാ എല്ലാ വിധ തർക്കങ്ങളിലും സത്യം കണ്ടെത്താനും അത് ആളും തരവും നോക്കാതെ പിന്തുടരാനും നമുക്കെല്ലാവർക്കും തൗഫീഖു നൽകി അനുഗ്രഹിക്കട്ടെ!

سبحان ربك رب العزة عما يصفون وسلام على المرسلين والحمد لله رب العالمين